കുഷ്ഠരോഗ ആശുപത്രികളിലെ രോഗികൾക്ക് നൽകിവരുന്ന റേഷന്റെ തോത്

927 [1469] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കുഷ്ഠരോഗ ആശുപത്രികളിലെ രോഗികൾക്ക് നൽകിവരുന്ന റേഷന്റെ തോത് എന്ത്?

ഉത്തരം

സംസ്ഥാനത്തെ കുഷ്ഠരോഗാശുപത്രികളിലെ രോഗികൾക്ക് നൽകിവരുന്ന റേഷൻ (ക്ഷേണം) അളവ് ചുവടെ ചേർക്കുന്നു.

അരി	280	ഗ്രാം
ഗോതമ്പ്	60	,,
റൊട്ടി	100	,,
ചെറുപയർ	30	,,
പരിപ്പ്	30	,,
മലക്കറി	150	,,
തേങ്ങ	1/8	(1 എണ്ണം 8 പേർക്ക്)
വെളിച്ചെണ്ണ	15	ഗ്രാം.
ഉള്ളി	15	,,
പുളി	5	,,
കറി പൗഡർ	5	,,
പാൽ	300	മി.ലി.
പഞ്ചസാര	30	ഗ്രാം
കാപ്പി (ചായ) പൗഡർ	2	,,,
ഉപ്പ്	15	,,
ഇറച്ചി (ആട്ടിറച്ചി എല്ലില്ലാതെ)	50	,, (ആഴ്ചയിൽ ഒരു ദിവസം മാത്രം)
പപ്പടം	2 എണ്ണം	

അട്ടപ്പാടി ഭാഗത്തെ ആദിവാസി ഊരുകളിൽ ശുദ്ധജലവിതരണ സംവിധാനം

928 [1470] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ഭാഗത്തെ ആദിവാസി പ്രദേശങ്ങളിൽ എവിടെയെല്ലാം ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) 1979-80 വർഷത്തിൽ എത്ര പ്രദേശങ്ങളിൽ ശുദ്ധജല വിതരണ നടപടി പൂർത്തിയാക്കാൻ കഴിയും;

(സി) ആദിവാസി പ്രദേശങ്ങൾക്ക് മുൻഗണന നൽകി കൂടുതൽ പ്രദേശത്തേയ്ക്കു ശുദ്ധജലവിതരണം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഗളി, പുതൂർ, ഷോളയാർ എന്നീ ആദിവാസി പ്രദേശങ്ങളിൽ ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 1979-80 വർഷത്തിൽ അഗളിയിൽ 5 ഊരുക്കളിൽ ശുദ്ധജലവിതരണ നടപടികളും പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) ഇതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്കുള്ള പ്രൊമോഷൻ

929 [1471] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ൽ ഹെൽത്ത് അസിസ്റ്റന്റ് തസ്തികയിൽനിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ച മലബാർ പ്രദേശത്തുള്ളവർക്കു ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകാതിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തിൽ പെടുന്നവർ ഇന്ന് മലബാർ പ്രദേശത്ത് എത്രപേർ ഉണ്ട്;

(സി) ഇവരുടെ ജൂനിയേഴ്സിനു പ്രൊമോഷൻ നൽകിയിട്ടും ഇവർക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകാതിരിക്കുവാൻ കാരണമെന്ത്?

ഉത്തരം

(എ) 16-4-1963 വരെ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകിയവരെ മാത്രമേ ഇതുവരെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോട്ട് ചെയ്തിട്ടുള്ളു. സീനിയോറിറ്റി അനുസരിച്ച്, 1967-ൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോട്ടു ചെയ്തിട്ടുള്ളവർക്കു ഒന്നാം ഗ്രേഡിലേക്ക് പ്രൊമോഷൻ കിട്ടാറായിട്ടില്ല.

(ബി) 36 പേർ

(സി) മേൽ എ വിഭാഗം ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെന്റ് ആയുർവേദ ആശുപത്രി കെട്ടിടം

930 [1472] ശ്രീ. പി. സീതി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേംപ്ര ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ചേലേംപ്ര പഞ്ചായത്ത് എന്തെല്ലാം വാഗ്ദാനം നൽകി.

(ബി) ഗവൺമെന്റ് ഇതിൽ എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly